(ബി) പച്ചക്കറി, വളം തുടങ്ങിയ സാധനങ്ങൾ കയറ്റി വരുന്ന വാഹനങ്ങളിലെ ചരക്കുകൾ മാറ്റിനോക്കിയും, സംശയം തോന്നിയാൽ വിശദമായ പരിശോധനയ്ക്കായി സാധനങ്ങൾ ഇറക്കി നോക്കിയും ഒളിച്ച് കടത്തുന്ന സ്പിരിറ്റ് കണ്ടുപിടിക്കാറുണ്ട്.

മണൽ, ചുടുകല്ല് മുതലായ സാധനങ്ങൾ കയറ്റി വരുന്ന വാഹനങ്ങളിൽ നീളമേറിയ ഇരുമ്പ് കമ്പികൾ താഴ്ത്തിനോക്കിയും ഇടകളിൽ കമ്പി കൊണ്ട് കുത്തി നോക്കിയുമാണ് ഒളിച്ച് കടത്തുന്ന സ്പിരിറ്റ് കണ്ടെത്തുന്നത്.

(സി) ചരക്കുകൾ കൊണ്ടുവരുന്ന ലോറികളിൽ ഒളിച്ചുകടത്തുന്ന സ്പിരിറ്റ് ശാസ്ത്രീയമായി കണ്ടെത്തുന്നതിനായി എക്സൈസ് വകുപ്പ് ഒരു ഡോഗ് സ്കാഡ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ പരിശീലനം ലഭിച്ച ഒരു നായയുടെ സേവനം സംസ്ഥാനത്തെ വിവിധ ചെക്ക്. പോസ്റ്റുകളിൽ വാഹനങ്ങൾ പരിശോധിക്കുന്നതിലേക്കായി താൽക്കാലികമായി ഉപയോഗിച്ചു വരുന്നു. ഈ സംവിധാനം വിജയകരമാണെന്ന് ബോദ്ധ്യപ്പെട്ടാൽ എക്സൈസ് വകുപ്പിന് തനതായ ഒരു ഡോഗ് സ്കാഡിന് രൂപം നൽകി വാഹനങ്ങളിൽ ഒളിപ്പിച്ചു കടത്തുന്ന സ്പിരിറ്റ് കണ്ടെത്തുന്നതിന് ഉപയോഗപ്പെടുത്തുന്നതാണ്.

പെട്രോളിയം ഉല്പന്നങ്ങളുടെ വിലയിൽനിന്നും ഈടാക്കുന്ന സെസ്

*7 [658] *ശ്രീ. ബിനോയ് വിശ്വം:*

„ *എൻ. രാജൻ:*

„ *എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികസനം ഉൾപ്പടെയുള്ള കാര്യങ്ങൾക്കായി പെട്രോളിയം ഉല്പന്നങ്ങളുടെ വിലയിൽ നിന്നും സെസ് ഈടാക്കുന്നുണ്ടോ; എങ്കിൽ ഒരു ലിറ്ററിന് എത്ര രൂപ വീതം ഈടാക്കുന്നുണ്ട്;

(ബി) പ്രതിമാസം സംസ്ഥാനത്തുനിന്നും പ്രസ്തുത ഇനത്തിൽ എത്ര തുക ലഭിക്കുന്നുണ്ട്;

(സി) പ്രസ്തുത തുക എന്തെല്ലാം വികസന പ്രവർത്തനങ്ങൾക്കായിട്ടാണ് ഉപയോഗിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരമുള്ള തുക വകമാറ്റി ചെലവഴിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ വകമാറ്റി ചെലവഴിക്കാതിരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):*

(എ) പെട്രോളിയം ഉല്പന്നങ്ങളുടെ വിലയിൻമേൽ സംസ്ഥാന സർക്കാർ സെസ് ഈടാക്കുന്നില്ല.

(ബി) — (ഇ) ഉദിക്കുന്നില്ല.

എക്സ്പ്രസ്സ് ട്രെയിനുകളിൽ സെക്കന്റ് ക്ലാസ് കമ്പാർട്ടുമെന്റുകളുടെ അപര്യാപ്തത

*8 [659] *ശ്രീ. കെ. നാരായണക്കുറുപ്പ്:*

„ *തോമസ് ചാഴികാടൻ:*

„ *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഓടുന്ന എക്സ്പ്രസ്സ് ട്രെയിനുകളിൽ സെക്കന്റ് ക്ലാസ് കമ്പാർട്ടുമെന്റുകളുടെ അപര്യാപ്തത യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഡേ-എക്സ്പ്രസ്സ് ഒഴികെയുള്ള എല്ലാ എക്സ്പ്രസ്സ് വണ്ടികളിലും രണ്ടാം ക്ലാസ് ബോഗികളുടെ എണ്ണം കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) എറണാകുളം-തിരുവനന്തപുരം, എറണാകുളം-കണ്ണൂർ മേഖലകളിൽ കൂടുതൽ പാസഞ്ചർ ട്രെയിനുകൾ ഓടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):*

(എ) & (ബി) കേരളത്തിൽ ഓടുന്ന മിക്ക എക്സ്പ്രസ്സ് ട്രെയിനുകളും പരമാവധി കോച്ചുകൾ ഘടിപ്പിച്ചാണ് ഇപ്പോൾ സർവ്വീസ് നടത്തി വരുന്നത്. ബോഗികളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ സൗകര്യം നിലവിലില്ലാത്ത സാഹചര്യത്തിലാണ് പല ട്രെയിനുകളും ദീർഘിപ്പിക്കുവാനും അവയുടെ ആവർത്തി കൂട്ടുവാനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്.

(സി) ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly